# കേരള സർക്കാർ
## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
### ഹൗസിങ്  ബോർഡ് ബിൽഡിംഗ്
### ശാന്തിനഗർ
### തിരുവനന്തപുരം-695001

## വിജ്ഞാപനം

**സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് 2018-19 അധ്യയന വർഷം പ്രവേശനം ലഭിച്ച  വിദ്യാർത്ഥിക്ക് ബിപിഎൽ സ്കോളർഷിപ്പിന് വേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ കോട്ടയം ജില്ലാ കളക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിലെ വെയിറ്റേജ് മാർക്ക് പ്രസിദ്ധീകരിച്ചു.**

06.06.2018-ലെ സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 107/2018/ആ.കു.വ, 19.07.2018-ലെ സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 138/2018/ആ.കു.വ, 19.08.2018-ലെ സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 169/2018/ആ.കു.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 2017-18 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എംബിബിഎസ് കോഴ്സ് -ന പ്രവേശനം നേടിയിട്ടുള്ള ബിപിഎൽ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്റെ രൂപത്തിൽ ഫീസിളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2018-19 അധ്യയന വർഷം എംബിബിഎസ് കോഴ്സിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ നിന്നും സ്കോളർഷിപ്പിന് വേണ്ടിയുള്ള അപേക്ഷകൾ ക്ഷണിച്ചിരുന്നു. അതിൻപ്രകാരം ലഭിച്ച അപേക്ഷകൾ അർഹതാ പരിശോധനക്കായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അയച്ചിരുന്നു. തുടർന്ന് 23.07.2020-ലെ WP(C) 7771/2018 കേസിലെ ഉത്തരവ് പ്രകാരം ബിപിഎൽ സ്കോളർഷിപ്പ് സംബന്ധിച്ച 06.06.2018-ലെ സർക്കാർ ഉത്തരവ് നമ്പർ 107/2018/ആ.കു.വ ബഹു.ഹൈക്കോടതി റദ്ദാക്കിയിരുന്നു. തുടർന്ന് 27.01.2021-ലെ WP(C) 25475 & 26683 of 2020 കേസിലെ ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം അർഹരായ വിദ്യാർഥികൾക്ക് ബിപിഎൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ജില്ലാ കളക്ടർമാരിൽ നിന്നും നിലവിൽ ലഭിച്ച പരിശോധനാ റിപ്പോർട്ടുകൾ പ്രകാരമുള്ള വെയിറ്റേജ് മാർക്കുകൾ പ്രസിദ്ധീകരിക്കുകയും അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

തുടർന്ന് സ്കോളർഷിപ്പ് ലഭിക്കാത്ത വിദ്യാർത്ഥിനി കുമാരി ആയിഷ ഖാത്തുൻ സമർപ്പിച്ച അപേക്ഷ പ്രകാരം കോട്ടയം ജില്ലാ കളക്ടർ നൽകിയ  പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരമുള്ള വെയിറ്റേജ് മാർക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ  പ്രസിദ്ധീകരിക്കുന്നു.

(മേൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം ജില്ലാ കളക്ടർമാർ നൽകിയ റിപ്പോർട്ടിൽ മുപ്പതോ അതിൽകൂടുതലോ വെയിറ്റേജ് മാർക്ക് ലഭ്യമായ ബിപിഎൽ വിഭാഗം വിദ്യാർത്ഥികൾക്ക് മാത്രമാണ് ബിപിഎൽ സ്കോളർഷിപ്പിന് അർഹത ഉള്ളത്. (ചുവടെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിൽ നിന്നും വരുന്നവരെ ബിപിഎൽ പട്ടികയിൽ നിന്നും ഒഴിവാക്കേണ്ടതാണ്)

1. സ്വന്തമായി ഒരേക്കറിന് മേൽ ഭൂമിയുള്ളവർ (പട്ടിക വർഗ്ഗക്കാർ ഒഴികെ)
2. സ്വന്തമായി 1000 ചതുരശ്ര അടിക്ക് മേൽ  വിസ്തീർണ്ണമുള്ള വീടോ, ഫ്ലാറ്റോ ഉള്ളവർ

3. നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ (ഏക ഉപജീവന മാർഗ്ഗമായ ടാക്സി ഒഴികെ)
4. കുടുംബത്തില് ആർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ, സ്വകാര്യ സ്ഥാപന ജോലിയിൽ നിന്നോ 25000/-രൂപയിൽ അധികം പ്രതിമാസ വരുമാനമുള്ളവർ

**Kottayam**

| Sl.No | Roll No. | Name | Name of College | Old Weightag e mark | New Weightag e mark | Remarks | No.and date of report of the District Collector |
|---|---|---|---|---|---|---|---|
| 1 | 138875 | Ayisha Khathun | Karuna Medical College Palakkad | 29 | 34 | Eligible | No.DCKTM/6388/2019 -M1 dtd.20.05.2022 of The District Collector Kottayam |

28/05/2022

പ്രവേശന പരീക്ഷാ കമ്മിഷണർ